പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 27/09/2016 ൽ

നിയമസഭാ ചോദ്യം നമ്പർ 57 — മറുപടിക്ക്

## കയർ വ്യവസായ മേഖലയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. ജോയി**<br>**ശ്രീ എസ്.ശർമ്മ**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.കെ. ദാസൻ** | ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| എ) കയർ വ്യവസായം പുനരുദ്ധരിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) സംസ്ഥാന സർക്കാരിന്റെ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കയർ മേഖലയ്ക്ക് ഒരു രണ്ടാം പുന:സംഘടന സ്കീം ബഹു. ധനകാര്യ കയർ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ് ആയതിൻ പ്രകാരം;<br><br>1)ആധുനിക യന്ത്രവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി പ്രോത്സാഹിപ്പിക്കും.<br>2) തൊണ്ട് സംഭരണത്തിന് പിന്തുണ നൽകും.<br>3) ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50% സബ്സിഡി നൽകും.<br>4) ഉൽപ്പന്ന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർബോർഡിന്റെ സബ്സിഡിക്ക് പുറമെ 10% അധിക സബ്സിഡി നൽകും.<br>5)ആലപ്പുഴ ജില്ലയിൽ പി.വി.സി, കയർ അവശിഷ്ടങ്ങൾ ബോർഡുകളാക്കുന്ന സംയുക്ത സംരംഭം ആരംഭിക്കും.<br>6) മലിനജല ശുദ്ധീകരണ പദ്ധതി നടപ്പിലാക്കും.<br>7) നിർജ്ജീവമായ സംഘങ്ങളെ അമാൽഗമേറ്റ് ചെയ്യുന്നതിനും പുനരുദ്ധരിക്കാൻ കഴിയുന്നവയെ അപ്രകാരം ചെയ്യുന്നതിനും നടപടി സ്വീകരിക്കും.<br>8)പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് സബ്സിഡി നൽകും.<br>9) ഗുണമേന്മ ഉറപ്പാക്കുന്നതിനു തൊഴിലാളികൾക്ക് |

| | |
|---|---|
| | പരിശീലനം നൽകും. |
| ബി) വ്യവസായ മേഖലയുടെ നവീകരണം പരമ്പരാഗത കയർ തൊഴിലാളികളെ ഏതു വിധത്തിൽ ബാധിക്കാനിടയുണ്ടെന്നറിയിക്കാമോ; | ബി) പുതിയ നയം നിലവിലുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്നു ഉറപ്പു വരുത്തുന്നതാണ്. ഇതിനായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പു വരുത്തുന്ന നിലക്ക് കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നെയ്യുന്ന ഉൽപ്പാദകരുടെ ഉൽപ്പാദനം മുഴുവൻ കയർ കോർപ്പറേഷൻ അംഗീകൃത വില യ്ക്ക് സംഭരിക്കും, റിബേറ്റ് നൽകി ഇവ വിറ്റഴിക്കും. ഇതിനുവേണ്ടി വിലസ്ഥിര ത്ത ഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചി ട്ടുണ്ട്<br><br>സംഘങ്ങളുടെ പുന:സംഘ ട നക്കും മാനേജീരിയൽ സബ്സിഡിക്കും 15 കോടി രൂപ വകയിരുത്തുകയും (ബജറ്റ് പ്രസംഗത്തിൽ) പുന:സംഘടനക്കുവേണ്ടി അധിക പണം എൻ.സി.ഡി.സിയിൽ നിന്നും ലഭ്യമാക്കുന്നതിനും ലക്ഷ്യം വച്ചിട്ടു ണ്ട് ഈ വിധത്തിൽ കയർ വ്യവസായ മേഖലയുടെ നവീകരണം പ രമ്പരാഗത കയർ തൊഴിലാളികളെ യാതൊരു വിധത്തിലും ബാധിക്കാതെ നടപ്പിലാ ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; അവയിൽ കഴിഞ്ഞ സർക്കാർ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; ഈ സർക്കാരിന് പ്രസ്തുത ശിപാർശകളിൽ എന്തൊക്കെ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | സി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ ശുപാർശക ളും അവയിൽ നടപ്പിലാക്കിയിട്ടുള്ളതും അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ശുപാർശകളിൽ നടപ്പിലാക്കാൻ സാധിക്കു ന്നവ ചുവടെ ചേർക്കുന്നു<br><br>• കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിലെ ക്രമനമ്പർ 23-ലെ 'കയർതൊഴിലാളി ക്ഷേമനിധിബോർഡും കയർ ബോർഡും സഹകരിച്ച് കയർ തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ വിപുലീകരിച്ച് നൽകുന്നതിനുള്ള പദ്ധതികൾ |

| | |
|---|---|
| | ആവിഷ്കരിക്കണം', ക്രമനമ്പർ 24 ലെ 'കയർബോർഡ് ഉൾപ്പടെ കയർ മേഖലയിലെ സ്ഥാപനങ്ങൾ ആവശ്യമായ കയർ പൂർണ്ണമായും കയർഫെഡിൽ നിന്നും വാങ്ങണം', ക്രമനമ്പർ 25 ലെ നിർദ്ദേശമായ 'വിപണിയിൽ നിലവിലുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും സ്പെസിഫിക്കേഷൻ നിശ്ചയിക്കണം'. ക്രമനമ്പർ 27-ലെ 'ഐ.ഐ.ടി കൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയുമായി സഹകരിച്ചു കൂടുതൽ മെച്ചപ്പെട്ട ഡീഫൈബറിംഗ് മില്ലുകൾ ആവിഷ്ക്കരിക്കണം, ഇതിന് കയർ ബോർഡുമായും സഹകരിക്കണം. കയർ യന്ത്രങ്ങളുടെ റിപ്പയർ/മെയിന്റനൻസിന് പ്രാപ്തിയുള്ള വർക്കുഷോപ്പുകൾക്ക് മാനദണ്ഡം നിശ്ചയിച്ച് എൻ.സി.ആർ.എം. ഐ അംഗീകാരം നൽകണം. സംസ്ഥാനത്തെ പോളിടെക്നിക്/ ഐ.ടി.ഐകളിൽ കയർ ടെക്നോളജി ഐച്ഛിക വിഷയമാക്കണം' എന്നീ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ നടപടി സ്വീകരി ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**